പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 65

08.03.2012- ൽ
മറുപടിക്ക്

**തൊണ്ട് സംഭരണം ഫലപ്രദമാക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. സി. കൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| **(എ)** കയർ ഉല്പാദന മേഖലയിലെ ചകിരി ദൗർലഭ്യം പരിഹരിക്കാനായി എന്താക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്; | തൊണ്ട് സംഭരണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന പദ്ധതിയിൽ കയർ സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി പരിഷ്ക്കരിച്ച തൊണ്ട് സംഭരണ പദ്ധതി 16/01/2012 മുതൽ നടപ്പിലാക്കിവരുന്നു.<br>കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും മറ്റ് വിഭാഗക്കാർക്ക് സബ്സിഡി നിരക്കിലും മിനി ഡീഫൈബറിംഗ് മെഷീനുകൾ അനുവദിച്ചു വരുന്നു.<br>പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് ഉറപ്പുള്ള ഡീഫൈബറിംഗ് മില്ലുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചു.<br>പുതിയ ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിന് ധന സഹായം അനുവദിച്ചുവരുന്നു. |
| **(ബി)** തൊണ്ട് സംഭരണം ഫലപ്രദമാക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | നിലവിലുള്ള നിയമത്തിൽ തന്നെ കുടുംബശ്രീ യൂണിറ്റുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| **(സി)** തൊണ്ട് സംഭരണം തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കേന്ദ്രനിലപാട് എന്തായിരുന്നു ? | സംസ്ഥാന ആരോഗ്യ കയർ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള നിവേദക സംഘം 02/08/2011-ൽ തൊണ്ട് സംഭരണ പദ്ധതി ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന നിവേദനം കേന്ദ്ര ഗ്രാമ വികസന വകുപ്പ് മന്ത്രി ശ്രീ.ജയറാം രമേഷിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിലവിലെ സ്ഥിതിയെ സംബന്ധിച്ച വിവരം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻഓഫീസർ